**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2150** **01-09-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ സി കെ ഹരീന്ദ്രൻ</th><th colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പാറശ്ശാല മണ്ഡലത്തിലെ ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളിലെ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാറശ്ശാല മണ്ഡലത്തിലെ ആയുർവേദ, ഹോമിയോ ആശുപത്രികളുടെ വികസനത്തിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ അരുവിപ്പുറം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് മെയിന്റനൻസ് റിനൊവേഷൻ പ്രവർത്തികൾക്കായി 8ലക്ഷം രൂപയും പാറശ്ശാല ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് കൗമാരക്കാരായ കുട്ടികൾക്കുള്ള ചികിത്സാ പദ്ധതിയായ കൗമാരഭൃത്യം പദ്ധതിക്കായി 7,54,022/- രൂപയും പഞ്ചകർമ്മ യൂണിറ്റിന്റെ നടത്തിപ്പിനായി 3,05,475/- രൂപയും അനുവദിച്ചിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ പാറശ്ശാല ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ കൗമാരഭൃത്യം പദ്ധതിക്കായി 8,57,410/-രൂപയുടെ ഭരണാനുമതിയും നാപ്കിൻ ഇൻസിനറേറ്റർ വാങ്ങുന്നതിന് 32,438/-രൂപയുടെ ഭരണാനുമതിയും പഞ്ചകർമ്മ യൂണിറ്റിന്റെ നടത്തിപ്പിനായി 4,48,470/- രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുള്ളതാണ്. കൂടാതെ എം.എൽ.എ ഫണ്ട് മുഖേനെ പാറശ്ശാല ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ പുതിയ ഐ.പി.കെട്ടിട നിർമ്മാണത്തിനായി ഒരു കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുള്ളതാണ്.<br><br>പാറശ്ശാല മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കൊല്ലയിൽ, ആര്യങ്കോട്, പെരുങ്കടവിള, കുന്നത്തുകാൽ, അമ്പൂരി, കള്ളിക്കാട് എന്നീ പഞ്ചായത്തുകളിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾക്കും വെള്ളറട, ഒറ്റശേഖരമംഗലം എന്നീ പഞ്ചായത്തുകളിലെ എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറികൾക്കുമായി 42,70,000/-രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?</td><td>(ബി)</td><td>2021-22 സാമ്പത്തിക വർഷത്തിൽ അരുവിപ്പുറം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് മെയിന്റനൻസ് റിനൊവേഷൻ പ്രവർത്തികൾക്കായി അനുവദിച്ച 8ലക്ഷം രൂപയും പാറശ്ശാല ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് കൗമാരക്കാരായ കുട്ടികൾക്കുള്ള ചികിത്സാ പദ്ധതിയായ കൗമാരഭൃത്യം പദ്ധതിക്കായി അനുവദിച്ച 7,54,022/-രൂപയും പഞ്ചകർമ്മ യൂണിറ്റിന്റെ നടത്തിപ്പിനായി അനുവദിച്ച 3,05,475/- രൂപയും ചെലവഴിച്ച് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷത്തിൽ പാറശ്ശാല ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മ യൂണിറ്റിന്റെ നടത്തിപ്പിനായി 43,035/-രൂപ ചെലവഴിച്ചിട്ടുള്ളതും കൗമാരഭൃത്യം പദ്ധതിക്കായും നാപ്കിൻ ഇൻസിനറേറ്റർ വാങ്ങുന്ന പദ്ധതിക്കായും തുക ചെലവഴിച്ചിട്ടില്ലാത്തതുമാണ്. എം.എൽ.എ ഫണ്ട് മുഖേനെ പാറശ്ശാല ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ പുതിയ ഐ.പി.കെട്ടിട നിർമ്മാണത്തിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.<br><br>പാറശ്ശാല മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഹോമിയോപ്പതി ഡിസ്പെൻസറികൾക്ക് ബന്ധപ്പെട്ട പഞ്ചായത്തുകൾ താഴെ പറയും പ്രകാരം അനുവദിച്ച തുകകൾ അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മരുന്ന് വാങ്ങുന്നതിനുമായി വിനിയോഗിച്ചിട്ടുണ്ട്.<br><br><table><tr><th>സ്ഥാപനം</th><th>മരുന്നുകൾക്ക് തുക</th><th>മറ്റ് വികസന പ്രവർത്തനങ്ങൾക്ക് തുക</th></tr><tr><td>ജി.എച്ച്.ഡി കൊല്ലയിൽ</td><td>450000</td><td>150000</td></tr><tr><td>ജി.എച്ച്.ഡി പെരുങ്കടവിള</td><td>250000</td><td>325000</td></tr><tr><td>ജി.എച്ച്.ഡി ആര്യങ്കോട്</td><td>500000</td><td>200000</td></tr><tr><td>ജി.എച്ച്.ഡി കുന്നത്തുകാൽ</td><td>500000</td><td>150000</td></tr><tr><td>ജി.എച്ച്.ഡി കള്ളിക്കാട്</td><td>450000</td><td>95000</td></tr><tr><td>ജി.എച്ച്.ഡി അമ്പൂരി</td><td>300000</td><td>0</td></tr><tr><td>എ.പി.എച്ച്.സി വെള്ളറട</td><td>150000</td><td>250000</td></tr><tr><td>എ.പി.എച്ച്.സി ഒറ്റശേഖരമംഗലം</td><td>500000</td><td>0</td></tr></table></td></tr>
</table>

സെക്ഷൻ ഓഫീസർ